"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ബഡ്ജറ്റ് പ്രവൃത്തി - 2024-25 - കാട്ടാക്കട നിയോജക മണ്ഡലത്തിലെ **"വിളപ്പിൽ പഞ്ചായത്തിൽ വസ്തു വാങ്ങി കളിസ്ഥലം നിർമ്മിക്കുന്നതിന്"** എന്ന പ്രവൃത്തിയ്ക്ക് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.693/2026/LSGD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2025 ലെ LSGD/PD/19692/2024-DPLA4 നമ്പർ കത്ത്

**ഉത്തരവ്**

2024-2025 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II -ൽ ക്രമ നമ്പർ. 2175 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ കാട്ടാക്കട നിയോജക മണ്ഡലത്തിലെ **"വിളപ്പിൽ പഞ്ചായത്തിൽ വസ്തു വാങ്ങി കളിസ്ഥലം നിർമ്മിക്കുന്നതിന്"** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II- വാല്യം II ൽ ക്രമ നമ്പർ. 2175 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ **' വിളപ്പിൽ പഞ്ചായത്തിൽ വസ്തു വാങ്ങി കളിസ്ഥലം നിർമ്മിക്കുന്നതിന്"** എന്ന പദ്ധതിയ്ക്ക് ചുവടെ ചേർക്കുന്ന വ്യവസ്ഥകളോടെ 350 ലക്ഷം രൂപയ്ക്ക് (മുന്നൂറ്റി അമ്പത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയ്ക്ക് ആവശ്യമായ തുക **'4515-00-800-92(NP)'** എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) തിരുവനന്തപുരം ജില്ലയിൽ കവടിയാർ വില്ലേജിൽ നെട്ടംപുറത്ത് വീട്ടിൽ ശ്രീ. പത്മകുമാർ എന്നയാളുടെ ഉടമസ്ഥതയിലുള്ളതും കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 1-ൽ റീ സർവ്വേ 112/4-1-ൽ ഉൾപ്പെട്ട 40.47 ആർ വസ്തുവും റീസർവ്വേ 115/2-2-ൽ ഉൾപ്പെട്ട 51.64 ആർ വസ്തുവും ഉൾപ്പെടെ ആകെ 92.11 ആർ വസ്തു കളിസ്ഥലം നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള വസ്തു ഉഭയസമ്മത പ്രകാരം വാങ്ങുന്നതിന് മുമ്പായി **സ്ഥലത്തിന്റെ extent, റവന്യൂ രേഖകൾ, തണ്ടപ്പേര്, ബാധ്യതകൾ, ഉടസ്ഥാവകാശം, ഉടമസ്ഥ-കയ്യൊഴിക്കൽ അവകാശം, ആധാരം, നൽകേണ്ടുന്ന വിലയുടെ സാധുത** എന്നിവ ഗ്രാമപഞ്ചായത്ത് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

2) പ്രസ്തുത ഭൂമി വാങ്ങുന്നതിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

3) 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വസ്തു ആർജ്ജിക്കൽ ചട്ടങ്ങളിൽ പറയുന്ന എല്ലാ വ്യവസ്ഥകളും നടപടിക്രമങ്ങളും കർശനമായി പാലിക്കേണ്ടതും, ചട്ടപ്രകാരമുള്ള രേഖകൾ ഉണ്ടെന്ന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതും, വസ്തു ആർജ്ജിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട ചട്ടത്തിൽ വിവക്ഷിച്ചിട്ടുള്ള പ്രകാരമുള്ള ആവശ്യമായ സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

4) ഇങ്ങനെ വാങ്ങുന്ന വസ്തു വിഭാവനം ചെയ്ത കാര്യത്തിനല്ലാതെ മറ്റൊരു കാര്യത്തിനും ഉപയോഗിക്കാൻ പാടില്ല.

5) **'വിളപ്പിൽ പഞ്ചായത്തിൽ വസ്തു വാങ്ങി കളിസ്ഥലം നിർമ്മിക്കുന്നതിന്'** എന്ന പദ്ധതിയ്ക്ക് ബഡ്ജറ്റിൽ അടങ്കലായി വകയിരുത്തിയിട്ടുള്ള തുകയിൽ കവിയരുത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, വിളപ്പിൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ധന(വികസന) വകുപ്പ് (3279017DEV-3/258/2025 -FIN)
6) തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ് (ആർ.ഇ 1/191/2025 /LSGD പ്രകാരം)
7) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
8) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ &പി ആർ ഡി
9) കരുതൽ ഫയൽ (ഡി.ബി1/188/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 12-03-2026 12:12:47